# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4700 | 26/10/2016 -ൽ മറുപടിക്ക്

## ഉദയംപേരൂർ പ്രദേശത്തെ രൂക്ഷമായ കുടിവെള്ള ക്ഷാമം

**ചോദ്യം**

ശ്രീ. എം.സ്വരാജ്

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഉദയംപേരൂർ പ്രദേശത്തെ രൂക്ഷമായ കുടിവെള്ള ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

**മറുപടി**

മാത്യു ടി.തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

(എ) & (ബി) ഉണ്ട്;

ഉദയംപേരൂർ പഞ്ചായത്തിൽ കണ്ടനാട് വലിയകുളം പ്രദേശങ്ങളിൽ ചൂണ്ടി പദ്ധതിയിൽ നിന്നുള്ള വെള്ളം നാല് ദിവസം കൂടുമ്പോഴാണ് വിതരണം ചെയ്യുന്നത്. ചൂണ്ടി പദ്ധതിയുടെ വിപുലീകരണം പൂർത്തിയായാൽ 2 ദിവസം കൂടുമ്പോൾ ജല വിതരണം നടത്താൻ സാധിക്കും. കൂടാതെ പിറവം സബ് ഡിവിഷനു കീഴിലുള്ള കക്കാട് ജല ശുദ്ധീകരണ ശാലയിൽ നിന്നും ദിനംപ്രതി ഒരു ദശലക്ഷം ലിറ്റർ വെള്ളം ഉദയംപേരൂർ പഞ്ചായത്തിലെ ശുദ്ധജല വിതരണത്തിനായി നൽകുന്നുണ്ട്. ഇങ്ങനെ വിതരണം ചെയ്യുന്ന വെള്ളം മോട്ടോർ, വൈദ്യുതി വിതരണക്കുഴലുകളുടെ തകരാർ മുതലായവ മൂലം പലപ്പോഴും തടസ്സപ്പെടാറുണ്ട്. കക്കാട് ജല ശുദ്ധീകരണ ശാലയിൽ നിന്നും പാഴൂർ പമ്പ് ഹൗസിലേക്ക് ഇപ്പോൾ വെള്ളം എത്തിക്കുന്നത് 250 എം.എം എസി പൈപ്പ് വഴിയാണ്. എസി പൈപ്പുകൾ മാറ്റി പകരം ഡി.ഐ പൈപ്പുകൾ സ്ഥാപിക്കാൻ KIIFB -ൽപ്പെടുത്തി പദ്ധതി നിർദ്ദേശം കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. ഈ പൈപ്പ് ലൈൻ മാറ്റി ഇടുന്നതോടെ അടിക്കടി എ.സി പൈപ്പിലുണ്ടാകുന്ന അറ്റകുറ്റപ്പണി ഒഴിവാക്കി പൂർണ്ണതോതിൽ ശുദ്ധജലം പാഴൂർ സംഭരണിയിൽ എത്തിക്കാനും അങ്ങനെ ഉദയം പേരൂർ പഞ്ചായത്തിലെ ജല വിതരണം മെച്ചപ്പെടുത്താനും സാധിക്കും.

സെക്ഷൻ ഓഫീസർ

JSK/